87 (589) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അനധികൃത കെട്ടിട നിർമ്മാണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) നിലവിലുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ ചട്ടങ്ങളിൽ നിന്നും ഒഴിവ് നൽകുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി പിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു.

(സി) അനധികൃതകെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ചീഫ് ടൗൺപ്ലാനറും തദ്ദേശഭരണ വകുപ്പിലെ വിജിലൻസ് സെല്ലും പരിശോധിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) കെട്ടിട നികുതി പിരിക്കുന്നതിനുള്ള മാനദണ്ഡം പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വ്യവസ്ഥ 1999-ലെ കേരള മുനിസിപ്പൽ (ഭേദഗതി) ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

88 (590) ജനകീയാസൂത്രണത്തിനായി ചെലവഴിച്ച തുക

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനായി 1999-2000 വർഷത്തിൽ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ്;

(ബി) നടപ്പ് സാമ്പത്തികവർഷത്തിൽ ജൂൺ 15 വരെ എന്തു തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1997-98, 1998-99 എന്നീ സാമ്പത്തികവർഷങ്ങളിൽ ജനകീയാസൂത്രണത്തിനായി നീക്കിവച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്;

(ഇ) ഈ രണ്ട് സാമ്പത്തികവർഷങ്ങളിലും പണം ചെലവഴിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം ഏതുവരെ തുടരാനാണ് ഉദ്ദേശിക്കുന്നത്;

(എച്ച്) എക്സ്പെൻസ് കമ്മിറ്റികൾ തുടങ്ങേണ്ടതില്ലെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1020 കോടി രൂപ

(ബി) തുകയൊന്നും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) ആദ്യ സംരംഭമെന്ന നിലയിലുള്ള പരിചയക്കുറവും പരിശീലനത്തിനുവേണ്ടിവന്ന സമയദൈർഘ്യവും മൂലം 1997-98-ലെ പദ്ധതി നിർവ്വഹണ കാലാവധി 30.6.1998 വരെ ദീർഘിപ്പിച്ചു നൽകേണ്ടി വന്നു. സമയപരിമിതിയും പരിചയക്കുറവുമൂലം ആ വർഷം പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല.

1998-99-ലെ പദ്ധതി പ്രവർത്തനങ്ങൾ 30.6.1998-നുശേഷമേ ആരംഭിച്ചുള്ളൂ. ഓരോ വർഷവും പദ്ധതി നിർവ്വഹണ കാലാവധി ദീർഘിപ്പിച്ചു നൽകിയാൽ പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടു പോകുമെന്നതിനാലും അടുത്ത വർഷത്തെ പദ്ധതി യഥാസമയം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതിനാലും 1998-99 വർഷത്തെ പദ്ധതി നിർവഹണകാലാവധി ദീർഘിപ്പിച്ചു നൽകാത്തതിനാൽ പദ്ധതിവിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല.

(ഇ)&(എഫ്) 1997-98-ൽ 30.6.1998 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. 1998-99-ൽ സമയം ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

(ജി) തദ്ദേശ സ്ഥാപനങ്ങൾക്ക് വിദഗ്ദ്ധ സമിതികളുടെ സേവനം ലഭിക്കുന്നതുവരെ.

(എച്ച്) ഉദ്യോഗസ്ഥ പുനർവിന്യാസം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

89 (591) ജനകീയാസൂത്രണത്തിനായി അനുവദിക്കപ്പെട്ട തുകയുടെ വിനിയോഗം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly